# പതിമൂന്നാം കേരളനിയമസഭ

## ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ

ചോദ്യം നം.2482 — 19.12.2012 ൽ മറുപടിക്ക്

### യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എം.ഉമ്മർ : | | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും ദേവസ്വവും വകുപ്പ് മന്ത്രി) | |
| (എ) | കേരള സംസ്ഥാനത്ത് യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് നിലവിലുണ്ടോ; വിശദാംശം നൽകുമോ; | (എ) | കേരള സംസ്ഥാനത്ത് യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് നിലവിലില്ല. ഏകീകൃത പൊതുജനാരോഗ്യ നിയമം നടപ്പിൽ വരുത്തുന്നത് സംബന്ധിച്ച വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |
| (ബി) | ഇല്ലെങ്കിൽ ഇതുമൂലമുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) | ഏകീകൃത പൊതുജനാരോഗ്യ നിയമം സംസ്ഥാനത്ത് നിലവിലില്ലാത്തത് മൂലം താഴെ പറയുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>1. നിലവിലുള്ള പൊതുജനാരോഗ്യ നിയമങ്ങളിൽ ശിക്ഷാ കാലാവധി വളരെ കുറവാണ് എന്ന് മാത്രവുമല്ല പിഴ തുക തുച്ഛമാണ്.<br>2. പുതിയ പൊതുജനാരോഗ്യ പ്രശ്നങ്ങൾ നിലവിലുള്ള പൊതുജനാരോഗ്യ നിയമത്തിൽ പരാമർശിച്ചിട്ടില്ല.<br>3. നിലവിലുള്ള നിയമത്തിലെ പല വകുപ്പുകളും കാലഹരണപ്പെട്ടു.<br>4. നഗരപ്രദേശങ്ങളിലെ പൊതുജനാരോഗ്യ |

| | | | |
|---|---|---|---|
| | | | പ്രശ്നങ്ങൾ കൈകാര്യം ചെയ്യുവാൻ നിലവിലെ നിയമം അപര്യാപ്തമാണ്.<br>5.ഈ നിയമങ്ങൾ നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ കാര്യത്തിലും വ്യത്യാസങ്ങളുണ്ട്. |
| (സി) | യൂണിഫൈഡ് പബ്ലിക് ഹെൽത്ത് ആക്ട് നടപ്പിൽ വരുത്തുവാൻ അടിയന്തിര നടപടി സ്വീകരിക്കുമോ? | (സി) | ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ